No.CEE/500/2018/5LLB-2018/TA2

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്ത പുരം - 695 001

## വിജ്ഞാപനം

## ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം-2018-19
## രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ്
## ഓപ്ഷൻ കൺഫർമേഷനും പുന:ക്രമീകരണത്തിനുമായി വെബ്സൈറ്റ് സജ്ജമായി

കേരളത്തിലെ 4 ഗവൺമെന്റ് ലോ കോളേജുകളിലേയും 19 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2018-19 വർഷത്തെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള രണ്ടാമത്തെയും അവസാനത്തെയും കേന്ദ്രീകൃത ഓൺലൈൻ അലോട്ട്മെന്റ് നടപടിക്രമങ്ങൾ **17.09.2018 (തിങ്കളാഴ്ച)** ആരംഭിച്ചു.

അലോട്ട്മെന്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത അലോട്ട്മെന്റിൽ നിലവിലെ ഹയർ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കപ്പെടേണ്ടതുണ്ടെങ്കിൽ അവരവരുടെ ഹോം പേജിലെ **'Confirm'** ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്.** ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനു ശേഷം വിദ്യാർത്ഥികൾക്ക് ആവശ്യമില്ലാത്ത ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യാവുന്നതും നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കാവുന്നതും പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള കോളേജുകളിലേയ്ക്ക്/കോഴ്സുകളിലേയ്ക്ക് ഓപ്ഷനുകൾ നൽകാവുന്നതുമാണ്. ഓപ്ഷൻ കൺഫർമേഷൻ, റദ്ദാക്കൽ, പുന:ക്രമീകരണം എന്നിവയ്ക്കായി **17.09.2018** മുതൽ **20.09.2018 വൈകുന്നേരം 5 മണി** വരെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. **നിശ്ചിത സമയത്തിനുള്ളിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും ഈ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.** നേരിട്ടോ തപാൽ/ഫാക്സ്/ഇ-മെയിൽ മുഖാന്തിരമോ ഉള്ള ഓപ്ഷൻ കൺഫർമേഷൻ/ഹയർ ഓപ്ഷൻ പുന:ക്രമീകരണം/റദ്ദാക്കൽ എന്നിവയ്ക്കുള്ള അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**കുറിപ്പ്:-**

- എൻ.എസ്.എസ് ലോ കോളേജ് (കൊല്ലം), കേരള ലോ അക്കാദമി ലോ കോളേജ് (തിരുവനന്തപുരം) എന്നീ സ്വാശ്രയ ലോ കോളേജുകളെ ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം, കേരള സർക്കാരിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട യൂണിവേഴ്സിറ്റി അഫിലിയേഷൻ ഓർഡർ എന്നിവ ലഭിച്ചിട്ടുള്ളതിനാൽ രണ്ടാം ഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്തുന്നതാണ്.
- ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് (ആലുവ) കോളേജിനെ WP(C)No. 30131/2018-ന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 14.09.2018-ലെ ഉത്തരവ് പ്രകാരം രണ്ടാം ഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
- ഭവൻസ് എൻ.എ പാൽഖിവാല അക്കാദമി ഫോർ അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് & റിസർച്ച് (കോഴിക്കോട്) കോളേജിനെ WP(C)No. 30341/2018(P)-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 14.09.2018-ലെ ഉത്തരവിൻ പ്രകാരം രണ്ടാം ഘട്ട അലോട്ട്മെന്റിൽ താല്ക്കാലികമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കോളേജിലേയ്ക്കുള്ള അലോട്ട്മെന്റ് ബഹു.ഹൈക്കോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയമായിരിക്കും.
- അൽ അമീൻ ലോ കോളേജിനെ (ഷൊർണൂർ) ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം, കേരള സർക്കാരിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ ലഭ്യതയ്ക്ക് വിധേയമായി രണ്ടാം ഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്തുന്നതാണ്.

- ആദ്യ ഘട്ടത്തിൽ മേൽപ്പറഞ്ഞിരിക്കുന്ന സ്വാശ്രയ ലോ കോളേജുകളിലേയ്ക്ക് ഓപ്ഷ നുകൾ ക്ഷണിച്ചിരുന്നു എങ്കിലും ഈ കോളേജുകളെ അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയി രുന്നില്ല. ആയതിനാൽ ആദ്യ ഘട്ട അലോട്ട്മെന്റിൽ ഈ കോളേജുകളി ലേയ്ക്ക്/കോഴ്സുകളിലേയ്ക്ക് ഓപ്ഷൻ നൽകാത്ത വിദ്യാർത്ഥികൾക്ക് ഇപ്പോൾ പുതു തായി ഓപ്ഷൻ നൽകാവുന്നതാണ്.

**അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| **17.09.2018** | ഓപ്ഷൻ കൺഫർമേഷൻ, റദ്ദാക്കൽ, പുനഃക്രമീകരണം എന്നിവയ്ക്കായി വെബ്സൈറ്റ് സജ്ജമാകുന്നു |
| **20.09.2018, 5 pm** | ഓപ്ഷൻ കൺഫർമേഷൻ, റദ്ദാക്കൽ, പുനഃക്രമീകരണം സൗകര്യം അവസാനിക്കുന്നു |
| **21.09.2018** | **രണ്ടാം ഘട്ട അലോട്ടുമെന്റ്** |
| **22.09.2018,24.09.2018, 25.09.2018** | വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടണം |
| **25.09.2018 വൈകുന്നേരം 5.30 ന്** | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കണം. |

**<u>ഫീസ്</u>**

| **കോളേജുകൾ** | **ഫീസ്** |
|---|---|
| ഗവൺമെന്റ് ലോ കോളേജുകൾ | **വാർഷിക ട്യൂഷൻ ഫീസ്** - 1,500 രൂപ |
| സ്വകാര്യ സ്വാശ്രയ ലോ കോളേജ് **(ഗവൺമെന്റ് സീറ്റ്)** | **വാർഷിക ട്യൂഷൻ ഫീസ്** - 15,000 രൂപ<br>തിരികെ ലഭിക്കുന്ന നിക്ഷേപം - 50,000 രൂപ |

വാർഷിക ട്യൂഷൻ ഫീസ്, മറ്റു ഫീസ്, ഡെപ്പോസിറ്റ് (ബാധകമെങ്കിൽ) എന്നിവ അലോട്ട് മെന്റ് ലഭിക്കുന്ന കോളേജുകളിൽ തന്നെ അഡ്മിഷൻ സമയത്ത് ഒടുക്കേണ്ടതാണ്. വാർഷിക ട്യൂഷൻ ഫീസ്, മറ്റു ഫീസ്, ഡെപ്പോസിറ്റ് എന്നിവ പ്രതിപാദിക്കുന്ന സർക്കാർ ഉത്തരവ് വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളത് പരിശോധിക്കുക.

അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് പ്രോസ്പെക്ടസ് ഖണ്ഡിക 6 ൽ പറയുന്ന യോഗ്യത നേടിയിരിക്കണം.

***നിർദ്ദിഷ്ട തിയതികളിൽ കോളേജുകളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികൾക്ക് നിലവിലുള്ള അലോട്ടുമെന്റ് നഷ്ടപ്പെടുന്നതാണ്.***

രണ്ടാം ഘട്ട അലോട്ടുമെന്റിൽ ഹയർ ഓപ്ഷനിലേക്ക് അലോട്ടുമെന്റ് ലഭിക്കുന്നവർ നിലവിൽ പ്രവേശനം നേടിയിരിക്കുന്ന കോളേജിൽ നിന്നും ടി.സിയും അനുബന്ധ രേഖകളും കോളേജിൽ പ്രവേശനം നേടിയ സമയത്ത് അടച്ച തുകയും തിരികെ വാങ്ങി പുതിയ കോളേജിൽ നിർദ്ദിഷ്ട തീയതിയ്ക്കുള്ളിൽ തന്നെ പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം അവർക്ക് നിലവിലുള്ള അഡ്മിഷനും നഷ്ടപ്പെടുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104, 2332123** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
17.09.2018